"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസനം - പയ്യന്നൂർ നിയോജകമണ്ഡലം - 'പേത്രർ വയൽ തോടിന് വി.സി.ബി. നിർമ്മാണം - കറുമുണ്ട ഭാഗം' - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

**സ.ഉ.(സാധാ) നം.1356/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/07/2020

---

പരാമർശം:- 1 സ.ഉ.(അച്ചടി) 119/18/ധന തീയതി 04/08/2018.

2 സ.ഉ.(സാധാ) .നം.3279/2018/തസ്വഭവ തീയതി 31/12/2018.

3 ശ്രീ.സി.കൃഷ്ണൻ എം.എൽ.എ ധനകാര്യ വകുപ്പിന് അയച്ച 13/2/20-ലെ കത്ത്.

4 സ.ഉ.(സാധാ) 1923/2020/ധന തീയതി 06/03/2020.

**ഉത്തരവ്**

പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കൃഷ്ണൻ.എം.എൽ.എ.യുടെ 2015-16 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്ന് 70 ലക്ഷം രൂപയും 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 20 ലക്ഷം രൂപയും ചേർത്ത് 'പേത്രർ വയൽ തോടിന് വി.സി.ബി. നിർമ്മാണം - കറുമുണ്ട ഭാഗം' എന്ന പ്രവൃത്തിയ്ക്ക് ആകെ 90 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികാനുമതി ലഭിക്കാൻ കാലതാമസം നേരിട്ടതിനാലും നിലവിൽ ജി എസ് ടി ഉൾപ്പെടെ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 99,99,000 രൂപയായി ഉയർന്നതിനാലും 2019-20 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 90 ലക്ഷം രൂപ കുറവ് ചെയ്ത് ബാക്കി വരുന്ന 9,99,000 രൂപ അനുവദിച്ച് മേൽ പദ്ധതിക്ക് ആകെ 99,99,000 രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കണമെന്ന് പരാമർശം (3) പ്രകാരം ബഹു.എം.എൽ.എ. അഭ്യർത്ഥിച്ചിരുന്നു. പരാമർശം (4 ) പ്രകാരം ധനകാര്യ വകുപ്പ് ആയതിനു മാർഗ്ഗരേഖയിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകിയിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കൃഷ്ണൻ.എം.എൽ.എ.യുടെ 2015-16 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്ന് 70 ലക്ഷം രൂപയും 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 20 ലക്ഷം രൂപയും 2019-20 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്ന് 9,99,000/- രൂപയും ചേർത്ത് 'പേത്രർ വയൽ തോടിന് വി.സി.ബി. നിർമ്മാണം - കറുമുണ്ട ഭാഗം' എന്ന പ്രവൃത്തിയ്ക്ക് ആകെ 99,99,000/-(തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം) രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

3. ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ്.' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

1. ശ്രീ.സി.കൃഷ്ണൻ.എം.എൽ.എ., പയ്യന്നൂർ.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, കണ്ണൂർ.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , കേരള, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ(എ&ഇ) , കേരള, തിരുവനന്തപുരം
8. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
9. ധനകാര്യ വകുപ്പ് ( 10.03.2020 ലെ U O No NCC-3/14/2020/ധന).
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
11. വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
12. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by SURESH KUMAR K
Date: 2020.07.22 13:42:28 IST
Reason: Approved
സെക്ഷൻ ഓഫീസർ